## വിക്ടേഴ്സ് ചാനലിൽ വന്ന മലയാളം ക്ലാസ്സുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

കേരള പാഠാവലി- X

സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

പ്രലോഭനം - 01

18-12 -2020

- സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ എന്ന യൂണിറ്റ് തലവാചകം പരിചയപ്പെടുത്തി.
- കൊവിഡ് കാലത്ത് മനുഷ്യർ അനുഭവിച്ച മാനസിക സംഘർഷങ്ങളെ കുറിച്ചും അവയെ അതിജീവിക്കാൻ വിവിധ മേഖലകളിൽ നിന്നും ലഭിച്ച സഹായങ്ങളെ കുറിച്ചും ഓർമ്മപ്പെടുത്തി.
- റഫീഖ് അഹമ്മദ് രചിച്ച് എസ് പി ബാലസുബ്രഹ്മണ്യം ആലപിച്ച

  ഒരുമിച്ച് നിൽക്കേണ്ട സമയം

  ഇത് പൊരുതലിന്റെ കരുതലിന്റെ സമയം.

  എന്ന ഗാനം കേൾപ്പിച്ചു.
- സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ എന്ന തലവാചകത്തിന്റെ ആശയം വിശദീകരിച്ചു.

  ■ജീവിത ദുരിതങ്ങളിൽ നിന്നും, ബൗദ്ധികവും ആത്മീയവുമായ പ്രതിസന്ധികളിൽ നിന്നും പുതിയ കലാസൃഷ്ടികൾ ജന്മമെടുക്കുന്നു.

  ■ വ്യക്തിപരവും സാമൂഹികവുമായ സംഘർഷങ്ങൾ പുതിയ രൂപങ്ങളിൽ ആവിഷ്കരിക്കപ്പെടുന്നു.

  ■പ്രതികൂല വികാരങ്ങളും ദുരനുഭവങ്ങളും കലയിൽ ആവിഷ്കരിക്കപ്പെടുമ്പോൾ അവ സങ്കീർത്തനങ്ങളാകുന്നു.

  ■നോവുകളും നൊമ്പരങ്ങളും ആസ്വാദ്യകരമായ കലാരൂപങ്ങളായി പരിണമിക്കുന്നു.
- പ്രവേശകമായി നൽകിയ കവി വാക്യം വായിച്ച് വിശദീകരിച്ചു .

  കല -

  എത്ര ദീർഘം ! സാധനാലഭ്യം !

  ആവൂ ജീവിതമെത്ര ഹ്രസ്വതരം !

ഡോക്ടർ ഫൗസ്റ്റ് - ഗൊയ്ഥെ

■ ഗൊയ്ഥെ എന്ന എഴുത്തുകാരനെ പരിചയപ്പെടുത്തി.

ജർമ്മൻ സാഹിത്യകാരൻ

ഡോക്ടർ ഫൗസ്റ്റ് ഒരു കാവ്യനാടകമാണ്

■കല അനശ്വരമാണ്

■ആവർത്തിച്ചുള്ള പരിശീലനത്തിലൂടെ ( സാധനയിലൂടെ )
സിദ്ധിക്കുന്നതാണ് കല

■ജീവിതം വളരെ ഹ്രസ്വമാണ്.
അനുബന്ധമായി അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ വരികൾ
ഓർമിപ്പിച്ചു.

വഹ്നിസന്തപ്തലോഹസ്ഥാം
ബു ബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം .

ഭൂമിയിലെ മനുഷ്യന്റെ ജീവിതം ക്ഷണികമാണ്.എന്നാൽ
മനുഷ്യനിർമ്മിതമായ കലകൾ കാലത്തെയും അതിജീവിച്ച്
നിലനിൽക്കുന്നു.അനശ്വരങ്ങളായ കലാസാഹിത്യ സൃഷ്ടികളിലൂടെ
എഴുത്തുകാരും അനശ്വരരാകുന്നു.

ശിൽപ്പങ്ങൾ, ചിത്രങ്ങൾ, വിവിധ കലാരൂപങ്ങൾ, എന്നിവ
ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു വീഡിയോ കാണിച്ചു.

യൂണിറ്റിന് പ്രവേശകമായി നൽകിയ ചിത്രത്തെ വിലയിരുത്തി.

-താളിലയിൽ സ്ഥിതിചെയ്യുന്ന ഒരു വെള്ളത്തുള്ളിയുടെ ചിത്രം -

■താളിലയിലെ ആ വെള്ളത്തുള്ളി ഏതുനിമിഷവും താഴേക്കു നിപതിച്ച്
ഇല്ലാതാകാം.മനുഷ്യജീവിതവും അപ്രകാരം തന്നെയാണ്.
ജീവിതത്തിന്റെ അസ്ഥിരതയെ ആ ചിത്രം പ്രതിനിധീകരിക്കുന്നു.

അനുബന്ധമായി ഒരു തുടർ പ്രവർത്തനം നൽകി.

1. ഗൊയ്ഥെയുടെ നിരീക്ഷണവും ചിത്രവും ഒരേ ആശയം തന്നെയാണോ
ചിത്രീകരിക്കുന്നത് ?കുറിപ്പ് തയ്യാറാക്കുക.

യൂണിറ്റിലെ പാഠഭാഗങ്ങൾ പരിചയപ്പെടുത്തി .

■ഉണ്ണായിവാര്യർ - നളചരിതം ആട്ടക്കഥ - പ്രലോഭനം

■കുട്ടികൃഷ്ണമാരാർ - ഭാരതപര്യടനം - യുദ്ധത്തിന്റെ പരിണാമം .

■പെരുമ്പടവം ശ്രീധരൻ - ഒരു സങ്കീർത്തനം പോലെ - ആത്മാവിന്റെ വെളിപാടുകൾ .

- മൂന്ന് പാഠഭാഗങ്ങളും മനുഷ്യന്റെ ആത്മസംഘർഷങ്ങളേയും അവയിലേക്ക് നയിക്കപ്പെടുന്ന സാഹചര്യങ്ങളേയും പരിചയപ്പെടുത്തുന്നു.
- വൈകാരിക അംശങ്ങളെ ആളിക്കത്തിക്കുകയല്ല വിമലീകരിക്കുകയാണ് വേണ്ടത് എന്ന സന്ദേശം ഈ പാഠഭാഗങ്ങൾ നൽകുന്നു.
- പ്രലോഭനം എന്ന പാഠഭാഗത്തേക്ക് കടന്നു.

■നളചരിതം ആട്ടക്കഥ - രണ്ടാം ദിവസത്തിലെ - മൂന്നാം ഭാഗത്തിൽ നിന്നുള്ളതാണ് പാഠഭാഗം .

■നളചരിതം ആട്ടക്കഥയുടെ ഇതിവൃത്തം, മഹാഭാരതം വനപർവ്വത്തിൽ നിന്നുള്ള നളോപാഖ്യാനത്തിൽ നിന്നുള്ളതാണ്.

■നളൻ, ദമയന്തി എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ .

പാഠ സന്ദർഭം വരെയുള്ള നളചരിതം കഥ സംഗ്രഹിച്ച് പറഞ്ഞു.

■നിഷിദ രാജ്യത്തെ രാജാവായ നളനും വിദർഭയിലെ രാജകുമാരിയായ ദമയന്തിയും തമ്മിലുള്ള പ്രണയം .

■ദേവന്മാരിൽ നിന്നുള്ള പരീക്ഷണത്തെ അതിജയിച്ച് അവർ വിവാഹിതരാകുന്നു.

■ദമയന്തിയെ വിവാഹം ചെയ്യാനുള്ള ആഗ്രഹത്തോടുകൂടി ഭൂമിയിലേക്ക് എത്തുന്ന കലി , ദമയന്തീസ്വയംവരം കഴിഞ്ഞ തറിഞ്ഞ് കുപിതനാകുന്നു. കലി തന്റെ ദേഷ്യവും പ്രതിഷേധവും പ്രകടിപ്പിക്കുന്ന ഭാഗം കഥകളി രൂപത്തിൽ പ്രദർശിപ്പിച്ചു.

കനക്കെ കൊതി കലർന്നു മിഴിച്ചു പാവകളെ<br>
കണക്കെ നിങ്ങളും കണ്ടങ്ങിരിക്കവെ<br>
മനസ്സിലുറപ്പൊടവൾ പരക്കും ജനം നടുവിൽ<br>
മനുഷ്യപ്പുഴുവിനെയോ വരിച്ചു പോൽ<br>
................................................<br>
എനിക്കിന്നിതു കേട്ടിട്ട് ജ്വലിക്കുന്നുണ്ടു കോപം<br>
പിണക്കി അകറ്റുവൻ ഞാനവനെയും<br>
ധ്രുവമവളെയും രാജ്യമകലെയും ........

ഇപ്രകാരം പ്രതിജ്ഞ ചെയ്യുന്ന കലി തന്റെ പ്രതിജ്ഞ നിറവേറ്റുന്നതിനായി നള സഹോദരനായ പുഷ്കരനെ കൂട്ടുപിടിക്കുന്നു. കലി പുഷ്കരനെ സമീപിക്കുന്ന സന്ദർഭമാണ് പാഠഭാഗം .

പാഠഭാഗത്തെ ആദ്യ ശ്ലോകം കഥകളി രൂപത്തിൽ അവതരിപ്പിക്കുന്നത് പ്രദർശിപ്പിച്ചു.

ആദ്യ ശ്ലോകത്തിന്റെ ആശയം  വിശദീകരിച്ചു.

■കോപത്തിനും മാത്സര്യത്തിനും അടിമപ്പെട്ട കലി ദ്വാപരന്റെ കൂടെ ഭൂമിയിലേക്ക് വന്നു.

ദ്യാപകരേണ സഹ - ദ്വാപരന്റെ കൂടെ

ഗത: - വന്നിട്ട്

വശംവദ: - അടിമപ്പെട്ട

മേദിനി - ഭൂമി

■ സ്വന്തം ആപത്തിനായിട്ട് , മറ്റൊരാളുടെ ധനത്തെ അപഹരിക്കാൻ മൂഢനായ പുഷ്കരനെ പ്രേരിപ്പിച്ചു.

അചോദയ - പ്രേരിപ്പിച്ചു

ജളൻ - മൂഢൻ

സ്വാപതേയം - ധനം

സ്വാപദേ- തനിക്ക് ആപത്തിനായിട്ട്

ഹരണായ - അപഹരിക്കാനായി

തുടർ പ്രവർത്തനം

■ പാഠഭാഗം വായിച്ച് പദകോശത്തിന്റെ സഹായത്തോടെ പാഠ സംഗ്രഹം   തയ്യാറാക്കുക .

നവാസ് മന്നൻ
GHSS ശ്രീകണ്ഠപുരം